

# നീരയെ എക്സൈസ് കുരുക്കുമോ?



**ഡോ. ജോസ് ജോസഫ്**
പ്രഫസർ ആൻഡ് ഹെഡ്
വിജ്ഞാനവ്യാപന വിഭാഗം
കാർഷിക കോളജ്, പടന്നക്കാട്

പതിറ്റാണ്ടുകളുടെ കാത്തിരിപ്പിനൊടുവിൽ നീര ചെത്താൻ അനുമതി നൽകുന്ന അബ്കാരി നിയമ ഭേദഗതി സർക്കാർ പുറത്തിറക്കിയപ്പോൾ കേരകർഷകരുടെ പ്രതീക്ഷകളുടെ നാമ്പടയുന്നു. കേരകർഷകരെയും ഈ മേഖലയിൽ നിക്ഷേപം നടത്താനാഗ്രഹിക്കുന്ന സംരംഭകരെയും ഒരു തരത്തിലും സഹായിക്കാത്തതാണ് എക്സൈസ് വകുപ്പിന്റെ കടുത്ത നിബന്ധനകൾ. നീര ചെത്താൻ കർഷകർക്ക് അനുമതി നൽകിയെന്ന് വരുത്തിത്തീർക്കുകയും അതേസമയം നീരയെ കള്ളു വ്യവസായത്തിന്റെ ഒരു ഉപവ്യവസായം മാത്രമായി ഒതുക്കിനിർത്തുകയും ചെയ്യുകയെന്ന സമീപനമാണ് ഈ നിയമഭേദഗതിയിൽ കാണുന്നത്. നീര വിറ്റ് കർഷകരും കർഷകരുടെ സംഘങ്ങളും നന്നാകരുതെന്ന ബാഹ്യശക്തികളുടെ സമ്മർദം നിയമഭേദഗതിയിൽ വ്യക്തമാണ്. കേരളത്തിലെ കേരകർഷകർ അബ്കാരി നിയമം ലംഘിച്ച് നീരയ്ക്കുപകരം കള്ളുണ്ടാക്കി വിൽക്കുമോ എന്ന എക്സൈസ് വകുപ്പിന്റെയും മദ്യമുതലാളിമാരുടെയും ഭയവും നീര ചെത്താൻ അനുമതി നൽകുന്ന നിയമഭേദഗതിയിൽ നിഴലിക്കുന്നുണ്ട്. നീരയെ എക്സൈസ് വകുപ്പിന്റെയും അബ്കാരി നിയമത്തിന്റെയും പിടിയിൽ നിന്നും പുറത്തുകൊണ്ടുവരണമെന്ന കേരകർഷകരുടെ ദീർഘകാലത്തെ ആവശ്യം ഈ നിയമഭേദഗതിയിലും നിരസിക്കപ്പെട്ടിരിക്കുകയാണ്.

സർക്കാർ പുറത്തിറക്കിയ ഉത്തരവും അബ്കാരി നിയമഭേദഗതിയും പ്രകാരം നാളികേര വികസന ബോർഡ്, കേരള കാർഷിക സർവകലാശാല, സംസ്ഥാന സർക്കാരിന്റെ നാളികേര വികസന കോർപറേഷൻ, സംസ്ഥാന ബിവറേജസ് കോർപറേഷൻ, അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ എന്നീ ഗവൺമെന്റ് ഏജൻസികൾക്കും നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്ത നാളികേര ഉത്പാദകരുടെ സൊസൈറ്റികൾ, നാളികേര ഉത്പാദക ഫെഡറേഷനുകൾ എന്നിവയ്ക്കും അംഗീകൃത ചക്കര ഉത്പാദകർക്കുമാണ് നീര ഉത്പാദിപ്പിക്കാനും വിപണനം നടത്താനുമുള്ള അനുമതി. ഈമേഖലയിൽ സംരംഭകത്വം വികസിപ്പിക്കുന്നതിനോ പുതിയ കണ്ടുപിടുത്തങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനോ വ്യക്തമായ ഒരു പരിപാടിയും സർക്കാർ ഉത്തരവിലോ അബ്കാരി നിയമ ഭേദഗതിയിലോ ഇല്ല. ഈ ഏജൻസികൾക്കു പുറമെ സ്വകാര്യ സംരംഭകർക്കോ കമ്പനികൾക്കോ കർഷകരുടെ മറ്റ് കമ്പനികൾക്കോ സഹകരണ സ്ഥാപനങ്ങൾക്കോ നീര ഉത്പാദിപ്പിക്കാനും വിൽക്കാനും അനുമതി ഇല്ല. നീരയുടെയും അതിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളുടെയും വിപണിയിൽ അതിവേഗത്തിലുള്ള ഒരു വളർച്ച സർക്കാർ ലക്ഷ്യമാക്കുന്നില്ലെന്നത് വ്യക്തം. ഇതിന്റെ പിന്നിൽ നിക്ഷിപ്ത താത്പര്യങ്ങളില്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

തീർത്തും ലഹരി വിമുക്തമായ ആരോഗ്യപാനീയമായി നീര ഉത്പാദിപ്പിച്ച് വിപണിയിലിറക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതിനു വേണ്ടിയാണ് 1931 ഓഗസ്റ്റിലെ അബ്കാരി നിയമം ഭേദഗതി ചെയ്തുകൊണ്ട് ഫെബ്രുവരി 14 ന് സർക്കാർ വിജ്ഞാപനമിറക്കിയത്. നീര ചെത്താനും അതിൽ നിന്നും മൂല്യവർധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാനും ഇതുവരെയും കർഷകർക്കും കർഷക സംഘങ്ങൾക്കും അനു

മതി ഉണ്ടായിരുന്നില്ല. പരമാവധി വച്ചുതാമസിപ്പിച്ചതിനു ശേഷമാണ് കർഷകർക്ക് ഗുണകരമല്ലാത്ത നിയമഭേദഗതി പുറത്തിറക്കാൻ എക്സൈസ് വകുപ്പ് തയാറായത്. നീരയുടെയും അതിൽ നിന്നുള്ള ഉത്പന്നങ്ങളുടെയും വ്യവസായത്തെ പരമാവധി തടസപ്പെടുത്തുന്ന കടുത്ത നിബന്ധനകളാണ് കേരള നീര റൂൾസ് 2014 എന്ന നിയമഭേദഗതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നീരയും നീര പുളിച്ചുണ്ടാകുന്ന കള്ളും പരസ്പരം ബന്ധപ്പെടുത്തി കള്ളു വ്യവസായത്തിനും ചെത്തുതൊഴിലാളികൾക്കും ഒരു തരത്തിലുമുള്ള ദോഷവും സംഭവിക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതാണ് കേരള നീര റൂൾസ് 2014. നീരയുടെയും നീരയിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളുടെയും ഉത്പാദനവും വിപണനവും പൂർണമായും എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാക്കുന്നതാണ് 2014ലെ അബ്കാരി നിയമഭേദഗതി.

കാലഹരണപ്പെട്ട ലൈസൻസ് - പെർമിറ്റ്-ഇൻസ്പെക്ടർ രാജിന്റെ പുനരവതാരമാണ് 2014 ലെ നീര റൂൾസ് ഭേദഗതി. എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേധാവിത്തം അരക്കിട്ടുറപ്പിക്കുന്നതാണ് ഇതിലെ വ്യവസ്ഥകൾ. നീര ഉത്പാദിപ്പിക്കുന്ന കർഷകരെയും കർഷക യൂണിറ്റുകളെയും പീഡിപ്പിക്കുന്നതാണ് ചില നിബന്ധനകൾ. നീര ചെത്തിയെടുക്കണമെങ്കിൽ സർക്കാർ അനുമതി നൽകിയിരിക്കുന്ന ഏജൻസികളും നാളികേര ഉത്പാദക സൊസൈറ്റികളും ഫെഡറേഷനുകളും എക്സൈസ് ഡെപ്യൂട്ടി കമ്മീഷണറിൽ നിന്നും ലൈസൻസ് വാങ്ങിയിരിക്കണം. 100 രൂപയാണ് ലൈസൻസ് ഫീസ് ഏപ്രിൽ ഒന്നു മുതൽ മാർച്ച് 31 വരെയുള്ള ഓരോ സാമ്പത്തികവർഷത്തേക്കുമാണ് ലൈസൻസ് നൽകുന്നത്. ഓരോ സാമ്പത്തിക വർഷവും ലൈസൻസ് പുതുക്കേണ്ടിവരും. നീരയിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളുടെ ഉത്പാദനത്തിനും ലൈസൻസ് എടുക്കണം. എക്സൈസ്

**നീരയുടെയും അതിൽ നിന്നുള്ള ഉത്പന്നങ്ങളുടെയും വ്യവസായത്തെ പരമാവധി തടസപ്പെടുത്തുന്ന കടുത്ത നിബന്ധനകളാണ് കേരള നീര റൂൾസ് 2014 എന്ന നിയമഭേദഗതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.**

ഡെപ്യൂട്ടി കമ്മീഷണറുടെ ലൈസൻസ് ഇല്ലാതെ നീരയോ നീരയുടെ മൂല്യവർധിത ഉത്പന്നങ്ങളോ വിൽക്കാനോ വിതരണം നടത്താനോ പാടില്ല. ഒരു സാമ്പത്തികവർഷം നീരയുടെയും മൂല്യവർധിത ഉത്പന്നങ്ങളുടെയും ഉത്പാദനത്തിന് എത്ര ലൈസൻസുകൾ നൽകാം എന്ന് നിശ്ചയിക്കാനുള്ള അവകാശം എക്സൈസ് ഡെപ്യൂട്ടി കമ്മീഷണറിൽ നിക്ഷിപ്തമായിരിക്കും. സർക്കാർ നയങ്ങൾക്കു വിധേയമായായിരിക്കും എത്ര ലൈസൻസുകൾ ഓരോ വർഷവും നൽകാമെന്ന് ഡെപ്യൂട്ടി കമ്മീഷണർ തീരുമാനിക്കുക. നീര വ്യവസായത്തിന്റെ ത്വരിത വളർച്ചക്ക് കടിഞ്ഞാണിടുന്നതാണ് ഈ വ്യവസ്ഥ. ചെത്തുതൊഴിലാളി ക്ഷേമനിധിയിലേക്ക് വിഹിതം അടച്ചതിനുശേഷം മാത്രമേ നീര ചെത്തുന്നതിനുള്ള ലൈസൻസ് അനുവദിക്കുകയുള്ളൂ. ക്ഷേമനിധിയിലേക്ക് കുടിശിക അടയ്ക്കാനുണ്ടെങ്കിൽ അതും തീർക്കേണ്ടത് അപേക്ഷകരുടെ ബാധ്യതയാണ്.

ലൈസൻസ് നൽകിയതിനു ശേഷം എക്സൈസ് വകുപ്പ് നീര ചെത്താനുള്ള തെങ്ങുകൾക്ക് നമ്പർ ഇട്ടുനൽകും. നമ്പർ ഇട്ടു നൽകിയ തെങ്ങുകൾ മാത്രമേ ചെത്താൻ അനുവാദമുള്ളൂ. എക്സൈസ് ഇൻസ്പെക്ടറുടെ റാങ്കിൽ കുറയാത്ത പദവിയുള്ള ഉദ്യോഗസ്ഥനാണ് തെങ്ങുകൾക്ക് നമ്പർ ഇടേണ്ടത്. അപേക്ഷകൻ നീര ചെത്താൻ ഉദ്ദേശിക്കുന്ന തെങ്ങുകൾ എക്സൈസ്



ഇൻസ്പെക്ടറെ ചുണ്ടിക്കാണിച്ചിരിക്കണം. അപേക്ഷകന് എക്സൈസ് വകുപ്പ് നോട്ടീസ് നൽകുന്ന തീയതിക്കുള്ളിൽ ഇത് നടത്തണം. കാലതാമസമുണ്ടായാൽ ലൈസൻസ് റദ്ദാക്കും. മാർക്ക് ചെയ്ത് നമ്പറിട്ട തെങ്ങുകളിൽ നിന്ന് നീര ചെത്തിയെടുക്കുന്നതിന് എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ പ്രത്യേക പെർമിറ്റ് നൽകുമെന്നും അബ്കാരി ഭേദഗതി നിയമത്തിൽ പറയുന്നു. ഏതെങ്കിലും വ്യവസ്ഥകൾ പാലിച്ചില്ലെന്ന് ബോധ്യപ്പെട്ടാൽ ലൈസൻസിനുള്ള അപേക്ഷ രേഖാമൂലം നിരസിക്കാനുള്ള അധികാരവും എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർക്കുണ്ട്. ഒരു അപേക്ഷകന് ഒരു ലൈസൻസ് മാത്രമെ നൽകുകയുള്ളൂ. ലൈസൻസിൽ സൂചിപ്പിച്ചിരിക്കുന്നതിലും അധികം തെങ്ങുകൾ ചെത്താൻ അനുവദിക്കുകയില്ല. തലേ വർഷത്തെ ലൈസൻസ് വച്ചും ചെത്താൻ അനുവാദമുണ്ടായിരിക്കുകയില്ല.

ലൈസൻസും മരങ്ങൾക്ക് നമ്പറിടുന്നതും മുൻകൂട്ടിക്കണ്ടുകൊണ്ട് എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർക്ക് താത്കാലികമായി മുൻകൂർ ലൈസൻസ് നൽകാം. ലൈസൻസിനുള്ള അപേക്ഷ ലഭിച്ച തീയതിക്കുശേഷമായിരിക്കും ഇങ്ങനെ താത്കാലിക ലൈസൻസ് നൽകുക. അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന എണ്ണം തെങ്ങുകൾ മാത്രമേ ഇങ്ങനെ ലഭിക്കുന്ന താത്കാലിക ലൈസൻസ് ഉപയോഗിച്ച് ചെത്താൻ അനുവാദമുള്ളൂ.

ചെത്തുന്ന തെങ്ങുകൾക്ക് പ്രത്യേക നികുതി നൽകേണ്ടതില്ല. കേരളത്തിൽ നീരചെത്തിയെടുക്കുന്നതിന് അനുയോജ്യമായ പ്രത്യേക തെങ്ങിനങ്ങൾ വികസിപ്പിച്ചെടുക്കുകയോ ഇത്തരം തെങ്ങുകളുടെ കൃഷി വ്യാപിപ്പിക്കുകയോ ചെയ്തിട്ടില്ല. വർഷങ്ങളായി ശ്രദ്ധാപൂർവമുള്ള പരിചരണം തുടർച്ചയായി നൽകാത്തതിനാൽ മിക്ക തെങ്ങുകളും നല്ല ആരോഗ്യസ്ഥിതിയിലുമല്ല. എക്സൈസ് ഇൻസ്പെക്ടർ നമ്പറിട്ടു നൽകുന്ന തെങ്ങുകളിൽ നിന്നെല്ലാം ഉദ്ദേശിക്കുന്ന അളവിൽ നീര ലഭിക്കണമെന്നില്ല. തെങ്ങ് ചെത്തി തുടങ്ങുമ്പോൾ മാത്രമേ എത്ര ലിറ്റർ നീര ഓരോ തെങ്ങിൽ നിന്നും ലഭിക്കുമെന്ന് അറിയാനാവുകയുള്ളൂ. ഉദ്ദേശിക്കുന്ന അളവിൽ നീര ലഭിക്കാത്ത തെങ്ങുകൾ മാറി പകരം പുതിയ തെങ്ങുകൾ ചെത്തണമെങ്കിലും എക്സൈസ് വകുപ്പ് വീണ്ടും നമ്പറിട്ടു നൽകേണ്ടിവരും. നീരയെ കള്ളിന്റെയും മദ്യത്തിന്റെയും ഒരു ഉപവ്യവസായം മാത്രമാക്കി വളർച്ച മുരടിപ്പിക്കുന്നതിനുള്ള വ്യവസ്ഥകളാണ് അബ്കാരി ഭേദഗതി നിയമത്തിൽ നിറയെ.



കർഷകരുടെ സത്യസന്ധതയെ സംശയത്തിന്റെ നിഴലിലാക്കുന്ന വേറെയും വ്യവസ്ഥകളുണ്ട് അബ്കാരി ഭേദഗതി നിയമത്തിൽ. മദ്യവ്യവസായത്തിനും ചെത്തുതൊഴിലാളികൾക്കും നീര ഒരു തരത്തിലും ഭീഷണിയാകുന്നില്ലെന്ന് ഈ നിയമം ഉറപ്പാക്കുന്നു. എക്സൈസ് ഇൻസ്പെക്ടർക്ക് ഏതു സമയത്തും നീരയും നീരയുടെ മൂല്യവർധിത ഉത്പന്നങ്ങളും സൂക്ഷിച്ചിരിക്കുന്ന സംഭരണശാലയിൽ കടന്നുചെല്ലാം. ഇവയുടെ സാമ്പിളുകൾ ശേഖരിക്കാം. ഇങ്ങനെ ശേഖരിക്കുന്ന സാമ്പിളുകളിൽ ലഹരി അടങ്ങിയിട്ടില്ലെന്ന് ഉറപ്പാക്കാൻ ചീഫ് കെമിക്കൽ എക്സാമിനറുടെ പരീക്ഷണശാലകളിൽ പരിശോധനയ്ക്ക് അയയ്ക്കും. സാമ്പിളുകളിൽ ലഹരി കലർന്നതായോ ആരോഗ്യത്തിന് ഹാനികരമാണെന്നോ കണ്ടെത്തിയാൽ ലൈസൻസ് റദ്ദാക്കും. അബ്കാരി നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചതിനുള്ള ശിക്ഷ വേറെയുമുണ്ടാകും. നീരയുടെയും മൂല്യവർധിത ഉത്പന്നങ്ങളുടെയും ഉത്പാദനത്തിന്റെയും വിൽപ്പനയുടെയും ദിവസേനയുള്ള കണക്കുകൾ അടങ്ങിയ രജിസ്റ്ററുകൾ എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലേക്കുള്ള ഏത് ഉദ്യോഗസ്ഥൻ ഏതു സമയത്ത് ആവശ്യപ്പെട്ടാലും ഹാജരാക്കനുള്ള ബാധ്യതയും നീര ഉത്പാദന-സംസ്കരണ യൂണിറ്റുകൾക്കുണ്ട്. നീര ഉത്പാദക യൂണിറ്റിലെ കർഷകരുടെ എണ്ണവും അവരുടെ ഉടമസ്ഥതയിലുള്ള ചെത്തുന്ന തെങ്ങുകളുടെ എണ്ണവും സംബന്ധിച്ച കണക്കുകളും കൃത്യമായി സൂക്ഷിച്ചിരിക്കണം. നീരയുടെ ഒഴുക്ക് കൂടുതൽ രാത്രിസമയത്താണെങ്കിലും രാവിലെ ആറു മുതൽ വൈകുന്നേരം ആറുവരെ മാത്രമെ നീര ചെത്താൻ അനുമതിയുള്ളൂ. അബ്കാരി നിയമത്തിലെ വ്യവസ്ഥകൾ ഏതെങ്കിലും തൊഴിലാളി ലംഘിച്ചാൽ പോലും നീര ചെത്താനുള്ള ലൈസൻസ് റദ്ദാക്കും. തെങ്ങിൽ കയറി നീര ചെത്തുന്നതിന് കർഷകന് അനുവാദമില്ല. ഇതിന് കേരള ചെത്തുതൊഴിലാളി ക്ഷേമനിധിബോർഡിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന

ചെത്തുതൊഴിലാളികൾക്കു മാത്ര മായിരിക്കും അനുവാദം. ഇവ രുടെ അഭാവത്തിൽ പരിശീലനം നേടിയ നീര ടെക്നീഷ്യന്മാരെ പരിഗണിക്കാം. പക്ഷെ ഇവരും ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡിൽ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

നീരയും കള്ളും തമ്മിൽ കൂട്ടി ക്കുഴയ്ക്കരുതെന്നായിരുന്നു കേരകർഷകരുടെ ദീർഘകാ ലത്തെ ആവശ്യം. നീരയെ കള്ളിൽ നിന്നും സ്വതന്ത്രമാക്കി നീര വിപണനത്തിന് അനിയ ന്ത്രിതമായ അനുമതി വേണമെ ന്നായിരുന്നു കർഷകർ ആവശ്യ പ്പെട്ടിരുന്നത്. എന്നാൽ കള്ളി ന്റെയും ലഹരിയുടെയും പേരിൽ അനാവശ്യ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും കേരകർഷ കരെ പരമാവധി ദ്രോഹിക്കു കയും ചെയ്യുന്ന വ്യവസ്ഥകളാണ് 2014 ലെ അബ്കാരി ഭേദഗതി റൂൾസിൽ ഉൾപ്പെടുത്തിയിരിക്കു ന്നത്. പ്രതിദിനം 1000 ലിറ്റർ നീര സംസ്കരിക്കുന്ന ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിന് കുറഞ്ഞത് മൂന്നു കോടിരൂപയെങ്കിലും ചെലവു വരും. ഒന്നര കോടി രൂപ യാണ് സംസ്ഥാന സർക്കാർ നൽകുന്ന ഗ്രാന്റ്. ബാക്കി പണം കർഷകർ പിരിച്ചെടുത്താൽ പോലും നീര ഉത്പാദനവും വിപ ണനവും ലാഭകരമായി നടത്തി ക്കൊണ്ടുപോകാനാകാത്ത സ്ഥിതിയാണ് സംസ്ഥാന സർക്കാ രിന്റെ അബ്കാരി ഭേദഗതി നിയ മത്തിലൂടെ സംജാതമായിരിക്കു ന്നത്. ഗ്ലൈസമിക് ഇൻഡെക്സ് കുറഞ്ഞ കേരച്ചക്കരയ്ക്കും കേര പഞ്ചസാരയ്ക്കും ആഗോള വിപ ണിയിൽ പ്രിയം കൂടിക്കൊണ്ടിരി ക്കുകയാണ്. പഞ്ചസാരക്കു പക രമുള്ള ബദൽ മധുരപദാർഥ മെന്ന നിലയിൽ നീരയിൽ നിന്നു മുള്ള ഈ മൂല്യവർധിത ഉത്പ ന്നങ്ങൾക്ക് നല്ല ഡിമാൻഡുണ്ട്. കേരച്ചക്കര ഉത്പാദിപ്പിക്കുവാൻ തെങ്ങു ചെത്തിയാലും കർഷ കർക്ക് നല്ല ആദായം ലഭിക്കും. നീര ഉത്പാദനത്തിന് സർക്കാർ ഏർപ്പെടുത്തിയ കടുത്ത നിബ ന്ധനകൾ ഈ രംഗത്തേക്ക് കട ന്നുവരാൻ ആകാംക്ഷയോടെ കാത്തുനിന്ന നാളികേര ഫെഡ റേഷനുകളെ സമ്മർദത്തിലാക്കി യിട്ടുണ്ട്. നീരയ്ക്കു പകരം കേര ച്ചക്കര പോലുള്ള ഉത്പന്നങ്ങ ളിൽ ഇവർ ശ്രദ്ധകേന്ദ്രീകരിക്കാ നാണ് എല്ലാ സാധ്യതയും. ആരോഗ്യപാനീയമെന്ന നില യിൽ നീരയ്ക്കുള്ള സാധ്യത കൾക്ക് ഒരു തിരിച്ചടിയാകും ഇത്. തിരുവനന്തപുരം കേന്ദ്ര മാക്കി മലേഷ്യ, ഫിലിപ്പീൻസ്, തായ്‌ലൻഡ് തുടങ്ങിയ രാജ്യങ്ങ ളിൽ നിന്നുമുള്ള നീരയും ഉത്പ ന്നങ്ങളും കേരളത്തിലെ വിപണി കളിൽ വിതരണം ചെയ്തുതുട ങ്ങുമെന്ന് വാർത്തകളുണ്ട്. സർക്കാരിന്റെ കടുത്ത നിബന്ധ നകൾക്കൊപ്പം വിദേശരാജ്യങ്ങ ളിൽ നിന്നുള്ള ഇറക്കുമതിയും കേരളത്തിലെ നീരവ്യവസായ ത്തിന്റെ വികസന സാധ്യത കൾക്കു മേൽ കരിനിഴൽ വീഴ്ത്തുകയാണ്.

*ഫോൺ: ഡോ. ജോസ് ജോസഫ്*
*9387100119*